# തൊഴിൽ രഹിതരേ, കാണൂ, തെങ്ങിന്റെ ഈ ചങ്ങാതിയെ !

▶ സുനീഷ് മണ്ണത്തൂർ

കൂത്താട്ടുകുളം: ഒരു ചെറിയ പത്രവാർത്തയാണ് സന്തോഷിന്റെ ജീവിതം പച്ചപിടിപ്പിച്ചത്. തെങ്ങ് കയറ്റം പഠിപ്പിക്കുന്നുണ്ടെന്ന് പത്രത്തിൽ കണ്ട് വെറുതെ കാണാൻ പോയ സന്തോഷ് ഇന്ന് തിരുമാറാടി ഗ്രാമത്തിലെ ഏറ്റവും തിരക്കുള്ള തെങ്ങ്കയറ്റക്കാരനാണ്. കൂലിപ്പണിക്കാരനായിരുന്ന സന്തോഷിന്റെ വരുമാനം ഇപ്പോൾ ദിവസവും ആയിരങ്ങൾ.

കൂത്താട്ടുകുളത്തിന് സമീപം കാക്കൂർ തട്ടായത്ത് വീട്ടിൽ പി.എസ്. സന്തോഷ് നാട്ടിൽ അല്ലറ ചില്ലറ പണികളും കന്നാരപ്പണികളുമായി നടക്കുകയായിരുന്നു. 2011 ലെ ഡിസംബറിലെ ഒരു തിങ്കളാഴ്ച പതിവുപോലെ കാക്കൂർ കവലയിലിറങ്ങി. പണിയൊന്നും കിട്ടാതെ നിരാശനായി നിൽക്കുമ്പോഴാണ് അടുത്തുള്ള കടയിലെ പത്രത്തിൽ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ ആലുവയിൽ തെങ്ങ്കയറ്റ് പരിശീലനം നടത്തുന്നതായി കണ്ടത് കണ്ടത്. പണിയൊന്നുമില്ലാത്തതിനാൽ നേരംപോക്കിന് വേണ്ടി പരിപാടി കാണാൻ ആലുവയിലേക്ക് വണ്ടി കയറി.

ആലുവ സേവാശ്രമത്തിലെ ക്യാമ്പിലെത്തി എല്ലാം കണ്ടപ്പോൾ അതിൽ ചേർന്നാലോ എന്ന ചിന്തയായി. തുടർന്ന് മെഷീൻ ഉപയോഗിച്ച് തെങ്ങു കയറുന്നതിൽ ഏഴ് ദിവസത്തെ പരിശീലനം. ഇതോടനുബന്ധിച്ച് നടന്ന മത്സരത്തിൽ രണ്ടാംസ്ഥാനവും ലഭിച്ചു. സൗജന്യമായി കിട്ടിയ യന്ത്രവുമായി കാക്കൂരിലെത്തിയ സന്തോഷിനെ നാട്ടുകാർ ഇരുകൈയും നീട്ടി സ്വീകരിച്ചു. തെങ്ങുകയറാൻ ആളെ കിട്ടാതെ വിഷമിച്ചിരിക്കുകയായിരുന്നു അവർ.

പിന്നീട് സന്തോഷിന് തിരിഞ്ഞ് നോക്കേണ്ടി വന്നില്ല. കൂലിപ്പണിക്ക് പോയിരുന്ന ദിവസങ്ങളിൽ വെറും 300 രൂപ വരെയായിരുന്നു ദിവസ വരുമാനം. അത് 3500 രൂപ വരെ ലഭിക്കുന്നു. സന്തോഷ് തന്നെ അമ്പതോളം പേരെ തെങ്ങു കയറാൻ പരിശീലിപ്പിക്കുകയും ചെയ്തു. തിരുമാറാടി പഞ്ചായത്തിലെ ഗ്രീൻ ആർമി അംഗമാണ്. തൊഴിലില്ലായ്മയുടെ പേര് പറഞ്ഞ് കടത്തിണ്ണകളിലും മറ്റും സമയം കളയുന്നവർ സന്തോഷിനെ കണ്ടുപഠിക്കണമെന്ന് നാട്ടുകാർ പറയും. നാട്ടിൽ സന്തോഷ് അറിയപ്പെടുന്നതും 'തെങ്ങിന്റെ ചങ്ങാതി' എന്ന പേരിലാണ്.



തെങ്ങിൽ കയറുന്ന സന്തോഷ്